# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം **1199**-ലെ മണ്ഡലം-മകരവിളക്ക് മേടവിഷു എന്നീ ഉത്സവങ്ങളോടനുബന്ധിച്ച് നിലയ്ക്കൽ ദേവസ്വത്തിലെ മെസ്സ് നടത്തിപ്പിന് ആവശ്യമായ പലചരക്ക്, പച്ചക്കറി എന്നിവ സപ്ലൈ ചെയ്യുന്നതിനുള്ള ടെൻഡർ സംബന്ധിച്ച നിബന്ധനകൾ.

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം **1199** -ലെ മണ്ഡലം-മകരവിളക്ക്, മേടവിഷു മാസപൂജ അടിയന്തിരങ്ങളോടനുബന്ധിച്ച് ഈ പരസ്യത്തിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ടെൻഡറുകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

**1.** നിലയ്ക്കൽ ദേവസ്വത്തിലെ മെസ്സ് നടത്തിപ്പിന് ആവശ്യമായ **പലചരക്ക്, പച്ചക്കറി** ഇനങ്ങളുടെ അളവ് പ്രത്യേക ലിസ്റ്റായി ചേർത്തിട്ടുണ്ട്. ടി ഇനങ്ങളുടെ കിലോഗ്രാം ഒന്നിന് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട തുകയാണ് ക്വാട്ട് ചെയ്യേണ്ടത്.

**2.** ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റും അവയുടെ അളവ്/തൂക്കം/ എണ്ണം എന്നിവ പ്രത്യേകം ലിസ്റ്റായി ചേർത്തിട്ടുണ്ട്. അതിൽ പറയുന്ന ഏതെങ്കിലും ഇനം സപ്ലൈ ചെയ്യാതിരിക്കാനോ അളവ്/എണ്ണം കുറയ്ക്കുന്നതിനോ ആവശ്യമായി വന്നാൽ കൂടുതൽ സപ്ലൈ ചെയ്യുന്നതിനോ നിർദ്ദേശിക്കുന്നതിന് ദേവസ്വം ബോർഡിന് അവകാശം ഉണ്ടായിരിക്കുന്നതും അതനുസരിക്കുന്നതിന് കോൺട്രാക്ടർ/ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനുമാണ്. സാധനങ്ങൾ എല്ലാം ഒന്നാംതരത്തിലുള്ളവ ആയിരിക്കണം. ഒന്നാം തരത്തിലുള്ളതല്ലാത്ത സാധനങ്ങൾ കോൺട്രാക്ടർ/ ടെൻഡറുകാരൻ ഹാജരാക്കുകയും ഒഴിച്ചു കൂടാൻ പറ്റാത്ത പരിതസ്ഥിതിയിൽ അവ സ്വീകരിക്കേണ്ടതായി വരികയും ചെയ്താൽ അപ്രകാരം ഹാജരാക്കുന്ന സാധനങ്ങൾക്ക് ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന റേറ്റ് അനുസരിച്ചുള്ള വില സ്വീകരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും അതിന്മേൽ ടിയാന് പരാതിപ്പെടാൻ അർഹതയില്ലാത്തതുമാണ്. കുത്തക മുടക്കം വരുത്തിയാൽ വേറെ ആൾ ഏർപ്പെടുത്തിയോ, കൈവിലയ്ക്ക് വാങ്ങിയോ സാധനങ്ങൾ സംഭരിക്കുന്നതും അതിൻ പ്രകാരം ദേവസ്വം ബോർഡിനുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കി ടി തുകയുടെ

ഇരട്ടി തുക കുത്തക/ടെൻഡറുകാരിൽ നിന്നും ഈടാക്കുന്നതും ലാഭമുണ്ടായാൽ അതിന് കുത്തകക്കാർക്ക് അവകാശമില്ലാത്തതുമാകുന്നു.

**3.** ഇ-ടെൻഡറുകൾ **07-11-2023** രാവിലെ **11.00** മണിയ്ക്ക് മുമ്പായി etenders.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെൻഡറുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

**4.** ടെൻഡറിനൊപ്പം **1,00,000**/-രൂപ നിരതദ്രവ്യം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കരാറുകാർ അവരുടെ ആധാർ കാർഡിന്റെ സ്കാൻഡ് കോപ്പി, മൊബൈൽ നമ്പർ ഉൾപ്പെടെ ടെന്ററിനൊപ്പം സമർപ്പിക്കേണ്ടതാണ്.

**5.** ടെൻഡർ **08-11-2023-**ാം തീയതി രാവിലെ **11.00** മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് തുറന്ന് പരിശോധിക്കുന്നതാണ്.

**6.** നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

**7.** ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെ ഉള്ളതായിരിക്കും.

**8.** ടെൻഡർ നിരക്കുകൾ കൊല്ലവർഷം **1199**-ലെ ഉത്സവങ്ങളുടെ കാലയളവ് (കൊല്ലവർഷം **1199 വൃശ്ചികം മുതൽ 1200 തുലാം** വരെ) മുഴുവൻ ബാധകമായിരിക്കുന്നതാണ്.

**9.** ഏതെങ്കിലും ഐറ്റത്തിന് പരസ്യത്തിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവ് ആവശ്യമാണെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതിനനുസരിച്ച് ടെൻഡർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനാണ്.

**10.** ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭിച്ച് അഞ്ച് ദിവസത്തിനകം ശബരിമല എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടി വച്ച് അതത് ദേവസ്വം സ്റ്റോറിൽ ആവശ്യാനുസരണം ഇനങ്ങൾ സപ്ലൈ ചെയ്യേണ്ടതാണ്. അറിയിപ്പ് ലഭിച്ച് അഞ്ച് ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന് വീഴ്ച വരുത്തിയ ടെൻഡറുകാരൻ മാത്രം പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതുമാണ്.

**11.**നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ ആവശ്യപ്പെട്ടിരിക്കുന്ന സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനും അടിയന്തിരത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി മറ്റ് വിധത്തിൽ നടപടി സ്വീകരിക്കുന്നതിനും തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയാ യിരിക്കുന്നതുമാണ്.

**12.**ടെൻഡർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

**13.**കുത്തകക്കാർക്ക് /ടെൻഡർകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ് കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.

**14.**കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

**15.**ആവശ്യമായ പലചരക്ക്, പച്ചക്കറി എന്നിവ ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ദേവസ്വം സ്റ്റോറിൽ എത്തിക്കേണ്ടതാണ്.

**16.**പലചരക്ക് സാധനങ്ങളുടെ ഗുണനിലവാരം ആവശ്യമാണെന്ന് കാണുന്ന പക്ഷം പമ്പയിൽ പ്രവർത്തിക്കുന്ന ഫുഡ് സേഫ്റ്റി ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

**17.**ടെൻഡർ ലഭിക്കുന്ന വ്യക്തി കുത്തക അവകാശം ലഭിച്ച് **5** ദിവസത്തിനകം എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ **1,00,000**/- (ഒരു ലക്ഷം) രൂപയുടെ ബാങ്ക് ഗ്യാരണ്ടി ഹാജരാക്കേണ്ടതുമാണ്.

**18.**നിലയ്ക്കൽ ദേവസ്വം മെസ്സിലേക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുവാൻ അവകാശം ലഭിക്കുന്ന വ്യക്തിക്ക്/ഏജൻസിക്ക് പ്രതിദിനം ആൾ ഒന്നിന് പരമാവധി **50**/- രൂപയിൽ കൂടുതൽ **(പാചകം ചെയ്യുന്നതിനുള്ള ഗ്യാസ് ചെലവ് ഉൾപ്പെടെ)** ചിലവെഴുതി നൽകുന്നതല്ല. ടെന്റർ നിരക്കിൽ തുക നൽകണമെന്ന അവകാശം ഉന്നയിക്കുവാൻ കുത്തക ലഭിക്കുന്ന വ്യക്തിക്ക്/ഏജൻസിക്ക് യാതൊരു പരിതസ്ഥിതിയിലും അവകാശം ഉണ്ടായിരിക്കുന്നതല്ല.

**ROC61/2023/SAB**
**28.10.2023**

**ദേവസ്വം കമ്മീഷണർ**
തിരുവിതാംകൂർ ദേവസ്വം ബോർഡ്
തിരുവനന്തപുരം- 695003